**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 266** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ,നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇല്ല. ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ **സ്റ്റാഫ് നഴ്സിന്റെ** 30 തസ്തികകളിൽ 28 പേർ നിലവിലുണ്ട്. **നഴ്സിംഗ്** അസിസ്റ്റന്റിന്റെ 23 തസ്തികകളും ടി ആശുപത്രിയിൽ ഉണ്ട്. നിലവിൽ ലഭ്യമായ ജീവനക്കാരെ വിനിയോഗിച്ച് ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടന്നു വരുന്നു. |
| (ബി) | ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ. പീഡിയാട്രിക്സ്, ഗൈനക്കോളജി, അനസ്തേഷ്യ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് . ഈ വിഭാഗങ്ങളിലെ സ്ഥിരം ഡോക്ടർമാർക്ക് പുറമെ എൻ.എച്ച്.എം. മുഖേന 4 ഡോക്ടർമാർ, ഒരു ഡയറ്റീഷ്യൻ, എൽ.എസ്.ജി.ഡി മുഖേന ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു റേഡിയോഗ്രാഫർ എന്നിങ്ങനെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാർ അടക്കമുള്ള അനിവാര്യമായ ജീവനക്കാരുടെ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ